# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2832** **10.03.2017-ൽ മറുപടിയ്ക്ക്**

## പൊതുവിദ്യാലയങ്ങളിൽ പാചകവാതകം ഉപയോഗിക്കുവാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ.അനിൽ അക്കര | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും ഉച്ചഭക്ഷണം പാചകം ചെയ്യുവാൻ പാചകവാതകം ഉപയോഗിക്കുവാൻ പദ്ധതിയുണ്ടോ ; | എ) സ്കൂൾ ഉച്ച ഭക്ഷണം പാചകം ചെയ്യുന്നതിന് വിറകിന് പകരം പാചകവാതകം ഉപയോഗിക്കണമെന്ന കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2016-17 അദ്ധ്യയന വർഷം മുതൽക്ക് തന്നെ സംസ്ഥാനത്തെ സ്കൂളുകളിൽ പാചകവാതകം ഉപയോഗിച്ച് ഉച്ചഭക്ഷണം പാചകം ചെയ്യുവാൻ തീരുമാനം കൈക്കൊണ്ടിരുന്നു. തുടർന്ന് 03.03.2016 ലെ സ.ഉ(സാധാ) നം.948/2016/പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ഉച്ചഭക്ഷണ പാചകത്തിന് പാചകവാതകം ഉപയോഗിക്കേണ്ടതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു.ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും അടുത്ത അദ്ധ്യയന വർഷത്തോടെ വിറകിന് പകരം എൽ.പി.ജി ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു. |
| ബി) എത്ര സ്കൂളുകളിലാണ് എൽ.പി.ജി. കണക്ഷൻ നൽകുന്നതെന്നും അതിനായി എന്ത് തുക വേണ്ടി വരുമെന്നും അറിയിക്കുമോ; | ബി) സംസ്ഥാനത്ത് ഉച്ച ഭക്ഷണ പദ്ധതിയുടെ കീഴിൽ 12327 സ്കൂളുകളാണ് ഉള്ളത്. ഇതിൽ 3280 സ്കൂളുകൾ ഇതിനോടകം പാചകവാതക കണക്ഷൻ എടുത്തിട്ടുള്ളതായി വിദ്യാഭ്യാസ ഉപഡയറക്ടർമാർ അറിയിച്ചിട്ടുണ്ട് സ്കൂളൊന്നിന് ഇതിലേയ്ക്കുള്ള ആകെ പ്രാരംഭ ചിലവ് 8500/- രൂപയോളം വരും |
| സി) പ്രസ്തുത തുക എപ്രകാരം കണ്ടെത്തുവനാണ് തീരുമാനിച്ചിട്ടുള്ളത്. | സി) കിച്ചൺ ഉപകരണങ്ങൾ പുതിയത് വാങ്ങുന്നതിനും പഴയവ മാറ്റി വാങ്ങുന്നതിനും കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുക ഗ്യാസ് അടുപ്പുകൾ വാങ്ങുന്നതിനും ഗ്യാസ് കണക്ഷൻ എടുക്കുന്നതിനും ഉപയോഗിക്കാമെന്ന കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയത്തിന്റെ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ കിച്ചൺ ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാർ അനുവദിച്ച 1,27,30,000/- രൂപ സംസ്ഥാനത്തെ 2546 സ്കൂളുകളിൽ എൽ.പി.ജി.കണക്ഷൻ എടുത്ത് രണ്ട് ഗ്യാസ് അടുപ്പുകൾ (ഒരു വലുതും ഒരു ചെറുതും) |

വാങ്ങുന്നതിലേക്കായി സ്കൂൾ ഒന്നിന് 5000/- രൂപ വീതം 2016 മാർച്ചിൽ നൽകിയിരുന്നു. നടപ്പു വർഷം ഉച്ച ഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന സംസ്ഥാനത്തെ 8279 സ്കൂളുകളിൽ കിച്ചൺ ഉപകരണങ്ങൾ പുതിയവ വാങ്ങുന്നതിനും 1473 സ്കൂളുകളിൽ പഴയ കിച്ചൺ ഉപകരണങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനും സ്കൂൾ ഒന്നിന് 5000/- രൂപ നിരക്കിൽ കേന്ദ്ര സർക്കാർ ഇക്കൊല്ലം ആകെ 487.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവരെ എൽ.പി.ജി. കണക്ഷൻ എടുത്തിട്ടില്ലാത്ത സ്കൂളുകൾക്ക് ആയത് എടുക്കുന്നതിന് പ്രസ്തുത തുക ഉപയോഗിക്കാവുന്നതാണ്. അധികമായി ആവശ്യം വരുന്ന തുക സ്കൂൾ പി.ടി.എ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ കണ്ടെത്തുവാൻ വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡി) ഉച്ച ഭക്ഷണ പദ്ധതിക്ക് കേന്ദ്ര സർക്കാർ കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ ;വിശദാംശം നൽകുമോ?

ഡി) നടപ്പുവർഷത്തെ അപേക്ഷിച്ച് 1572.95 ലക്ഷം രൂപ കൂടുതൽ അനുവദിച്ചിട്ടുണ്ട്. റിക്കറിംഗ് ഇനത്തിൽ (അരിയുടെ വില, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കണ്ടിജൻറ് ചാർജ്ജ് (പാചക ചെലവ്), പാചക തൊഴിലാളികളുടെ വേതനം, എം.എം.ഇ ഫണ്ട്) നടപ്പു വർഷത്തേയ്ക്ക് (2016-17) 18768.77 ലക്ഷം രൂപ നൽകുമ്പോൾ 2017-18 ലേക്ക് 20341.72 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ